പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 301 14.03.2017-ലെ മറുപടിക്ക്

## സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുവാൻ സംവിധാനങ്ങൾ

**ചോദ്യം**

**ശ്രീ.കെ.സി.ജോസഫ്**
**ശ്രീ.അനിൽ അക്കര**
**ശ്രീ.സണ്ണി ജോസഫ്**
**ശ്രീ.റോജി എം. ജോൺ**

**ഉത്തരം**

**ശ്രീ. പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | സർക്കാർ സർവ്വീസിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ നടപ്പിലാക്കിയ സംവിധാനങ്ങൾ എന്തൊക്കെയാണ്; | (എ) | അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവനം ചെയ്യുന്നത് . ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.<br><br>1. സർക്കാർ സർവ്വീസിൽ സ്ഥലം മാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി<br><br>2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തു വരുന്നു<br><br>3. പ്രഗത്ഭരും പ്രാപ്തരുമായ പുതു തലമുറയെ പബ്ലിക് സർവ്വീസുകളിലേക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക, വകുപ്പുതല ചട്ടക്കൂട് ഇല്ലാതാക്കുക എന്നീ ഉദ്ദേശ്യങ്ങളോടു കൂടി സെക്രട്ടേറിയറ്റ് ഉൾപ്പെടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൊണ്ടു വരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br><br>4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പി ക്കുന്നതിനുതകും വിധം ഒരു പുതിയ പരിശീലന നയം രൂപവത്ക്കരിച്ച് നടപ്പാക്കാനുള്ള പ്രവർത്തനം ആരംഭിച്ചു.<br><br>5. ഇ-ഗവേണൻസ്, ഇ-ടെണ്ടർ, |

| | | | |
|---|---|---|---|
| | | | പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്.<br>6. ഭരണഭാഷ മലയാളമാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br>7. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യം വച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷനെ നിയമിച്ചു.<br>8. നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് കാലോചിത മാറ്റം വരുത്തുവാൻ ആവശ്യമായ ശിപാർശ സമർപ്പിക്കാൻ നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. |
| (ബി) | എല്ലാ സർക്കാർ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗും, ഇൻ-സർവ്വീസ് കോഴ്സുകളും നിർബന്ധമാക്കി ഉത്തരവിറക്കിയിട്ടുണ്ടോ; | (ബി) | ഇല്ല. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി ഒരു പുതിയ പരിശീലന നയം സർക്കാർ രൂപീകരിക്കും. എല്ലാ സർക്കാർ ജീവനക്കാർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രയിനിംഗും വ്യവസ്ഥാപിത ഇൻ സർവ്വീസ് കോഴ്സുകളും ഏർപ്പെടുത്തും. സർക്കാരിന്റെ കീഴിലുള്ള വിവിധ പരിശീലന സ്ഥാപനങ്ങളുടെ ഏകോപനത്തിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിന്റെ ഡയറക്ടർ ജനറലിനെ 'ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്' ആയി നിർദ്ദേശം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | വകുപ്പുകൾ അവയുടെ വാർഷിക പ്ലാൻ ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും ജീവനക്കാരുടെ പരിശീലനത്തിന് വേണ്ടി വിനിയോഗിക്കണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | വകുപ്പുകൾ അവയുടെ വാർഷിക പ്ലാൻ ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും ജീവനക്കാരുടെ പരിശീലനത്തിന് വേണ്ടി വിനിയോഗിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. 2016-17-ൽ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനായി 12 കോടി രൂപ കരുതൽ തുകയായി വകയിരുത്തിയിട്ടുണ്ട് |

Dep

സെക്ഷൻ ഓഫീസർ